

ജി.എച്ച്.എസ്.
# തടിക്കടവ്



2025-26 അധ്യയന വർഷം
സ്കൂൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

# സമയസാരിണി
2025-26

## ജി എച്ച് എസ് തടിക്കടവ്

### തളിപ്പറമ്പ് നോർത്ത്

# അക്കാദമിക് മാസ്റ്റർപ്ലാൻ

### സ്കൂൾതല പ്രവർത്തനനം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കണ്ണൂർ |
| സ്കൂൾ കോഡ് | : | 13770 |
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് ഹൈസ്കൂൾ തടിക്കടവ് |
| പിൻകോഡ് | : | 670581 |
| ഫോൺ നമ്പർ | : | 04602238088 |
| പഞ്ചായത്ത് | : | ചപ്പാരപ്പടവ് |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ് |
| സബ്ജില്ലാ | : | തളിപ്പറമ്പ് നോർത്ത് |
| ക്ലാസുകൾ | : | 5 to 10 |
| മാനേജ്മെന്റ് | : | ഗവൺമെൻറ് |
| പഠനമാധ്യമം | : | മലയാളം / ഇംഗ്ലീഷ് |
| ഭാഷാപഠനം | : | മലയാളം ,സംസ്കൃതം ,അറബിക് |

# അക്കാദമിക മാസ്റ്റർപ്ലാൻ  - ലക്ഷ്യങ്ങൾ

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്.

വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാറ്റിനെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്.എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് **അക്കാദമിക മാസ്റ്റർപ്ലാൻ.** ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ സമയബന്ധിതമായി നടപ്പാക്കാൻകലണ്ടറും തയാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.കെ., എം.പി., എം.എൽ.എ., പി.ടി.എ., മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായി ക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്ത മാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽനിരന്തരം അറിവുകൾപുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടിക ളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

********************************

# ഹൈസ്കൂൾ തലം

--------------------------------------------------------------------------------------------------------------------

**ഹൈസ്കൂൾ തലം** **മലയാളം**

==========================================================

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുക.<br>• എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം(ശ്രദ്ധ)<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • അക്ഷരം ഉച്ചരിക്കൽ<br>• സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ<br>• നാടൻ കഥകൾ ,കവിതകൾ കേൾപ്പിക്കൽ, അവതരണം<br>• പത്രവായന<br>• വായന മത്സരം<br>• ഭാഷാപരമായിപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് (ശ്രദ്ധ) | 2 മാസം<br>1 വർഷം | മലയാളം അധ്യാപകർ<br>SRG | PTA<br>Dept. |

| | | | | |
|---|---|---|---|---|
| • എല്ലാ കുട്ടികളെയും | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ. | 6 മാസം | | |

| | | | | |
|---|---|---|---|---|
| സ്വതന്ത്ര വായനക്കാരാക്കുക.<br>• ഭാഷാശേഷി വികസനത്തിനായി ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. | • ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>• ക്ലാസ് നിലവാരത്തിനനുസരി ച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>• വായനയിൽ ICT സാധ്യതകൾ. ഉപയോഗപ്പെടുത്തൽ<br>• സ്കൂൾ ലൈബ്രറി നവീകരണം.<br>• വായനമുറി - പ്രത്യേക സൗകര്യമൊരുക്കൽ.<br>• വായനോത്സവം,ജന്മദി ന പുസ്തകം,<br>• പത്രവായന. | 1 വർഷം<br><br>ആവശ്യമനുസരിച്ച്, സന്ദർഭമനുസരിച്ച്<br><br>2 മാസം<br>1 വർഷം<br>3 മാസം,1 വർഷം | മലയാളം അധ്യാപക ർ<br>SRG | PTA |
| • പത്രവായന. പരിപോഷിപ്പിക്കുക. | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>• ഓരോ ക്ലാസിനും ഓരോ പത്രം.<br>• രാവിലെ പ്രധാന വാർത്തകളുടെ അവതരണം.<br>• പത്ര ക്വിസ്.<br>• വായനാനുഭവം പങ്കുവെക്കൽ. | 3 മാസം<br>ദിവസേന<br><br>മാസത്തിൽ ഒരു തവണ | വിദ്യാരംഗം ഇൻ ചാർജ് | PTA |
| • സർഗ്ഗശേഷി വികസനം | • സാഹിത്യക്വിസ്, രചനാ ശില്പശാല (കഥ കവിത..)<br>• കവിതാലാപന മത്സരം.<br>പുസ്തകാസ്വാദനം.<br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ.<br>• കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് | മാസത്തിൽ ഒരു തവണ<br><br>വർഷത്തിൽ 1 | മലയാളം അധ്യാപക ർ, SRG, വിദ്യാരംഗം | PTA |

| | | | | |
|---|---|---|---|---|
| | ഉപന്യാസ രചന.<br>• കാർട്ടൂൺ രചന.<br>• ഡിജിറ്റൽ മാഗസിൻ.<br>• പഠനയാത്ര. | തവണ | മലയാളം അധ്യാപക ർ, SRG | |

-----------------------------------------------------------------------------------

**ഹൈസ്കൂൾ തലം** **ഭാഷ - സംസ്കൃതഭാഷാ പഠനം**

===================================================

**ക്ലാസ് -5 -10**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ സംസ്കൃതം കുട്ടികളുടെയും സംസ്കൃത വായന-രചനാ-സംഭാഷണ ശേഷി വികസനം.<br>• സംഭാഷണ ശേഷി ഉയർത്തൽ.<br><br>• രചനാപാഠവം | പരമാവധി സംസ്കൃതത്തിൽ തന്നെ 5 to10 ലെ എല്ലാ ക്ലാസുകളും കൈകാര്യം ചെയ്യൽ. സംസ്കൃതം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.<br><br>സംസ്കൃതത്തിൽ ചർച്ച സെമിനാർ പ്രസംഗം മുതലായവ സംഘടി | June to March<br><br><br><br><br><br><br>ആഴ്ചയിൽ ഒരു ദിവസം. | സംസ്കൃതാദ്ധ്യാപകൻ. സംസ്കൃതം ക്ലബ്ബ് സെക്രട്ടറി. സംസ്കൃതാദ്ധ്യാപകൻ. മാറി മാറി ഓരോ ക്ലാസിനും ചുമതല. കുട്ടി. സംസ്കൃതാദ്ധ്യാപകൻ, രക്ഷിതാവ്.സംസ്കൃതാ | PTA<br><br><br><br><br><br><br><br>SRG |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കൽ.<br><br>• വായന പരിപോഷിപ്പിക്കൽ.<br><br>• കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് ചേർക്കൽ. | പ്പിക്കുക.<br>• മാസത്തിൽ ഒരു ദിവസം സംസ്കൃതം അസംബ്ലി.<br>സംസ്കൃതത്തിൽ ഡയറിയെഴുത്ത് ഓരോ കുട്ടിയും.<br>സ്കൂൾ ലൈബ്രറിയിൽ സംസ്കൃതം പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിക്കൽ.<br>ശേഷം വായനക്കുറിപ്പ് തയ്യാറാക്കൽ.<br>കുട്ടികളുടെ രചനകൾ സ്കൂൾ വിക്കി,youtube channel,fb കളിൽ ഉൾപ്പെടുത്തൽ. | മാസത്തിൽ ഒരു ദിവസം.<br><br>ആഴ്ചയിൽ ഒരു ദിവസം.<br><br>പ്രതിമാസം | ദ്ധ്യാപകൻ.<br>ക്ലാസ് ലീഡർ.<br><br>സംസ്കൃതംക്ലബ്ബ് സെക്രട്ടറി. | BRC |

---

## ഹൈസ്കൂൾ തലം അറബിക്ക്

==========================================================

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോൽ സാഹിപ്പിക്കുക, | അറബിക് ലൈബ്രറി ശാക്തീകരണം.<br><br>അറബിക് ലൈബ്രറി വിഭാഗം | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ<br>ലൈബ്രറി<br>പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ് |

| | | | | |
|---|---|---|---|---|
| വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി<br><br>വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക. | കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ......... വായനാ കോർണർ സ്ഥാപിക്കുന്നു. | | | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ - നവംബർ | | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ |
| **അറിവിൻ തിളക്കം**<br><br>അറബിയിൽ അറിവ് നേടുക. | | നവംബർ - ഡിസംബർ | | സ്പോൺസർഷിപ്പ് |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾ ക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് ,ലാപ് ടോപ്പ് | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **പ്രതിഭകളെ കണ്ടെത്തൽ** | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി | | | |

| | | | | |
|---|---|---|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു.<br><br>**<u>ആസ്വാദനം</u>**<br><br>**<u>അറബിക് ലാംഗ്വേജ് ലാബ്</u>**<br><br>**<u>അറബിക് ഫെസ്റ്റ്</u>**<br>അറബി ഭാഷയെക്കുറിച്ച് കൂടുതൽ അറിയാൻ. | പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു.<br><br>പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br><br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു.<br><br>നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു.<br><br>ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.<br><br>അറബി ഭാഷയെക്കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് | | | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു.പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | | |

---------------------------------------------------------------------------------------------------------------------------------

## ഹൈസ്കൂൾ തലം ക്ലാസ്സ്: 8 ഹിന്ദി

====================================================================

| ക്രമ: നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല |
|---|---|---|---|---|
| 1. | വായന | അക്ഷരം ,ചിഹ്നം തുടങ്ങിയവ തിരിച്ചറിയാനുള്ള പരിശീലനത്തിന്റെ ഭാഗമായി അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.ഉറക്കെ വായിപ്പിക്കുന്നു. ICT സഹായത്താൽ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു.<br><br>ഓരോ കുട്ടിയുടെയും ജനന തീയ്യതി ഹിന്ദിയിൽ എഴുതാൻ നൽകുന്നു. ഹിന്ദി കലണ്ടർ നിർമ്മാണം. വർക്ക് ഷീറ്റുകൾ. | ജൂൺ – ജൂലൈ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി ,ബാല പ്രസിദ്ധീകരണങ്ങൾ വായനയ്ക്ക് നൽകുന്നു | ഓസ്റ്റ്-സെപ്തംബർ | അധ്യാപകർ |
| 2. | ഹിന്ദിയിൽ അക്കങ്ങൾ, എണ്ണം, ആഴ്ച, മാസം എന്നിവ | | ഡിസംബർ - ജനുവരി | |
| 3. | ഹിന്ദിയിൽ എഴുത്ത്, വായന | | | അധ്യാപകർ |

## ക്ലാസ്സ് : 9 ഹിന്ദി ഹൈസ്കൂൾ തലം

==========================================================

| ക്രമ: നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രകഥാപുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ജൂൺ – ജൂലൈ | | |

| | | | | | |
|---|---|---|---|---|---|
| 1.<br><br>2.<br><br>3. | വായന<br><br>നാമം,<br>സർവ്വനാമം,<br>വിശേഷണം etc.<br><br>പോസ്റ്റർ<br>നിർമ്മണം | വായിക്കുന്ന പാഠഭാഗം / കഥകൾ<br>തുടങ്ങിയവയിൽ നിന്നും<br>സർവ്വനാമവിശേഷണം തുടങ്ങിയവ<br>കണ്ടെത്തുന്നു.<br><br>പോസ്റ്ററിൻ്റെ മാതൃകകൾ<br>പരിചയപ്പെടുത്തുന്നു. സ്വയം<br>തയ്യാറാക്കുന്നതിനു അവസരം നൽകുന്നു. | ഓഗസ്റ്റ്-<br>സെപ്റ്റംബർ<br><br>ഒക്ടോബർ,<br>നവംബർ<br>ഡിസംബർ<br><br>ഒക്ടോബർ,<br>നവംബർ<br>ഡിസംബർ | | |

ക്ലാസ്സ് : 10 ഹിന്ദി ഹൈസ്കൂൾ തലം

==========================================================

| ക്രമ: നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഭാഷ | പാഠ ഭാഗത്തെ അടിസ്ഥാനമാക്കി സ്കിറ്റുകൾ അവതരിപ്പിക്കൽ | ജൂൺ നവംബർ | | | |
| 2. | സാഹിത്യം | ഹിന്ദി വാരാഘോഷം / കലോത്സവം തുടങ്ങിയ വേളകളിൽ പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം etc. സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് ഒക്ടോബർ | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | തിരക്കഥ | പാഠ ഭാഗത്തെ സന്ദർഭങ്ങളിൽ തിരക്കഥ രചിക്കാനുള്ള കൂടുതൽ അവസരങ്ങൾ | ഓഗസ്റ്റ് ഡിസംബർ | | | |

| ഹൈസ്കൂൾതലം ഇംഗ്ലീഷ് ===================================================================== | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമത്തികം** |
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.<br><br>2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് | Spoken English Class<br><br>English Library നവീകരണം.<br><br>English Comer Story Time<br><br>English Cartoon പ്രദർശനം<br><br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോ | ടൊപ്പം | പി.ടി.എ, ടീച്ചേർസ്<br><br>ടീച്ചേർസ്, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ, |

| | | | | |
|---|---|---|---|---|
| അവസരം ഒരുക്കുക.<br><br>3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.<br><br>4) നാടകീകരണം. | Cinema & Documentary- Profile & Script ഒ൦ റുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗ ങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>Role play, English Day লাখ, Seminar കൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടി സ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു.<br><br>School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br><br>ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions<br><br>English Assembly, Skit, Puppet Show, English Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി | അക്കാദമിക വർഷം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോ \| ടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങൾ<br><br>ക്ലാസ് റൂം പ്രവർത്തനങ്ങൾ, \| അസംബ്ലി<br><br>ക്ലാസ് റൂം പ്രവർത്തനങ്ങൾ \| | പി.ടി.എ, SRG, ടീച്ചേർസ<br><br>പി.ടി.എ, ടീച്ചേർസ്<br><br>പി.ടി.എ, SRG, ടീച്ചേർസ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 5)കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു.<br><br>6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.<br><br>7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br><br>ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു.<br>ആസ്വാ ദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br><br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine)<br>പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോകോൺഫറൻസ് എന്നിവ നടത്തുന്നു.*<br><br>English fest, English film m ~~<br>Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു:<br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | ശനിയാഴ്ചകൾ,<br>ക്യാമ്പ്<br>ക്ലാസ്<br>പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ,<br>ശനിയാഴ്ചകൾ \|<br><br>വർഷത്തിൽ രണ്ട്<br>പ്രാവശ്യം \|<br><br>വെക്കേഷൻ (ഓണം, ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ഒന്ന്<br><br>ശനിയാഴ്ചകൾ/<br>വെക്കേഷൻ \|<br>അക്കാദമിക വർഷം രണ്ട് തവണ | ടീച്ചേർസ്,<br>പി.ടി.എ, SRG<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ടീച്ചേർസ്,<br>പി.ടി.എ, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ടീച്ചേർസ്,<br>പി.ടി.എ, SRG<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ടീച്ചേർസ്,പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ<br><br>പി.ടി.എ, SRG<br><br>പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

# കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

**കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് രക്ഷാകർത്താക്കളിൽ ഇംഗ്ലീഷ് മീഡിയത്തോട് ആഭിമുഖ്യം കൂടുകയും മലയാളം മീഡിയത്തിന് ഒരു പിന്നോക്കാവസ്ഥ അനുഭവപ്പെടുകയും ചെയ്തപ്പോൾ സ്കൂളിൽ വന്നുചേരുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രക്ഷകർത്താക്കളുമായി ചർച്ച ചെയ്ത് 2015-16 അധ്യയന വർഷത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന അഡീഷണൽ ഇംഗ്ലീഷ് പരിശീലനം ആരംഭിച്ചു 5 തുടങ്ങി 8 വരെയുള്ള ക്ലാസുകളിൽ ആഴ്ചയിൽ 2 പിരീഡ് എന്ന ക്രമത്തിൽ ക്ലാസുകൾ നടത്തിവരുന്നു.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മാതൃഭാഷ പോലെ തന്നെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. | കുട്ടികളോട് അവരുടെ ജീവിത അഭിലാഷം എന്തെന്ന് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (I have a dream) | അക്കാദമിക വർഷം | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അധ്യാപിക | രക്ഷാകർത്താക്കൾ |
| 2) ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര | ആഴ്ച്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സ്പീച്ച്, | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| നിലവാരത്തിലേക്ക് കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ. | സ്കിറ്റ് \| അവതരണം. മൂല്യാധിഷ്ഠിത പ്രസംഗം, ഇംഗ്ലീഷ് മാർച്ച് എന്നിവയുടെ അവതരണം (മീഡിയം വ്യത്യാസമില്ലാതെ ഇംഗ്ലീഷ്, മലയാളം മുഴുവൻ കുട്ടികൾക്കും) | | | |

## മേഖല - വായന

*അവധിക്കാലത്ത് വരും വർഷത്തേക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച് അവയെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു.

*കഥ, കവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തി എടുക്കുന്നു,

* സംസ്ഥാന തലത്തിലേക്ക് വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.

*പ്രസംഗമത്സരം ക്വിസ് മത്സരം ഉപന്യാസമത്സരം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.

**വായനാദിനവും വായനാവാരാഘോഷവും പ്രഗത്ഭരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിദ്ധ്യം ഉറപ്പ് വരുത്തിക്കൊണ്ട് സമുചിതമായി ആചരിക്കപ്പെടുന്നു.*

**ക്ലാസ്സ് : 8,9,10 ശാസ്ത്രം ഹൈസ്കൂൾ തലം**

==============================================

| ക്രമ: നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | മക്കാല ശുചീകരണം. | മഴക്കാല അവസാനത്തോട്ടുകൂടി സ്കൂൾ പരിസരം വൃത്തി യാക്കുക. തുടർ പ്രവർത്തനം നടത്തുക. | മെയ് മുതൽ നവംബർ വരെ | PTA<br>അധ്യാപകർ | പരിസ്ഥിതി ക്ലബ് | |
| 2. | മഴക്കാല രോഗങ്ങൾ. | ബോധവൽക്കരണ ക്ലാസ്സ് Health Department മായി സഹകരിച്ച് നടത്തുന്നു. | 2 Class (min) ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ | Health Department | Health Club | |

| | | | | | | |
|---|---|---|---|---|---|---|
| 3. | മാലിന്യ സംസ്ക്കരണം | ജൈവ മാലിന്യം, അജൈവ മാലിന്യം തരം തിരിക്കൽ, നിർമാർജനം, എന്നിവ ഹരിത-കർമ്മസേനയുടെ സഹായത്തോടെ നടത്തുന്നു. | ദീർഘകാലം | PTA<br>അധ്യാപകർ<br>പരിസ്ഥിതി ക്ലബ്<br>ശുചിത്വ ക്ലബ്<br>സന്നദ്ധസംഘടകൾ | PTA | |
| 4. | ടീൻസ് ക്ലബ് | കൗമാരവിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം സ്വയരക്ഷ. | ദീർഘകാലം | ടീൻസ് ക്ലബ് കോ ഓഡിനേറ്റർ<br>സ്കൂൾ കൗൺസിലർ | Education Department | |
| 5. | പോക്സോ | ബോധവൽക്കരണ ക്ലാസ്. | ദീർഘകാലം | സ്കൂൾ കൗൺസിലർ | സാമൂഹ്യക്ഷേമ മിഷൻ | |
| 6. | ശാസ്ത്രമേള | സ്കൂൾ ശാസ്ത്രമേള നടത്തിപ്പ്, | ദീർഘകാലം | Science Teachers | PTA | |

| | | | | | | |
|---|---|---|---|---|---|---|
| | | വിദഗ്ധപരിശീലനം, സബ് ജില്ലാ-ജില്ലാ-സംസ്ഥാനമേളകൾക്കുള്ള തയ്യാറെടുപ്പ്. | | | | |
| 7. | Inspire Award | ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം | ദീർഘകാലം | Science Teachers | PTA | |
| 8. | ലിംഗനീതി | ബോധവൽക്കരണക്ലാസ് | September-Councelling class | ടീൻസ് ക്ലബ് കൺവീനർ സ്കൂൾ കൗൺസിലർ | Legal Mission | |
| 9. | First Aid | ആരോഗ്യവിദഗ്ധരുടെ ക്ലാസ്സ് | 3 classes | Health Club<br>JRC<br>സന്നദ്ധസംഘടകൾ convenors. | PTA | |
| 10. | ദിനാചരണങ്ങൾ | ഓരോ മാസവും ആചരിക്കേണ്ടദിനങ്ങൾ കണ്ടെത്തി.അതാത് കൺവീനർ മാർക്ക് ചുമതല നൽകുന്നു. | ദീർഘകാലം | വിവിധ ക്ലബുകളുടെ ചുമതലയുള്ള അധ്യാപകർ, സ്കൂൾ കൗൺസിലർ | PTA | |

| | | | | | | |
|---|---|---|---|---|---|---|
| 11. | ലഹരിനിർമാർ ജ്ജനം | ബോധവൽക്കരണ ക്ലാസ് (Excise Dept.) ലഹരിവിരുദ്ധ സ്കൂൾ സ്ക്വാഡ് പ്രവർത്തനം | ദീർഘകാലം | Excise Department School, Protection group,SPC,JRC, Scout & quides, ലഹരി വിമുക്തിക്ലബ് | PTA | |

| മേഖല - ഹൈസ്കൂൾ - ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ആശയ ധാരണ കൈവ രിക്കൽ<br><br>2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br><br>3) ഗണിതത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക്<br><br>ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ<br><br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br><br>ശില്പ്പശാല നടത്തുന്നു, ക്ലബ്ബ് | ജൂൺ ആദ്യവാരം<br><br>തുടർ പ്രവർത്തനം<br><br>ഒരു ടേമിൽ ഒന്ന്. | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ<br><br>അധ്യാപകർ<br><br>അധ്യാപകർ, പി.ടി.എ | ടീച്ചേർസ് ഗ്രാന്റ്<br><br>പി.ടി.എ |

| | | | | |
|---|---|---|---|---|
| പ്രാധാന്യം ബോധ്യപ്പെടൽ.<br><br>4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ.<br><br>5) സംഘബോധം ഉണ്ടാക്കൽ.<br><br>6) അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പി ക്കുന്നു. | പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br><br>സംഘപഠനം<br><br>വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തന ങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു.<br><br>ഗണിതഗ്രാമം: കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ.<br><br>ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ.<br><br>ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | അക്കാദമിക വർഷത്തിൽ ഒന്ന്<br><br>തുടർ പ്രവർത്തനം<br><br>അക്കാദമിക വർഷം, തുടർ പ്രവർത്തനം | അധ്യാപകർ, ഗണിത ക്ലബ്ബ്<br><br>അധ്യാപകർ, സംഘ തലവൻ<br><br>വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | പി.ടി.എ<br><br>ഗണിത ക്ലബ്ബ്<br><br>പി.ടി.എ |

| | | | | |
|---|---|---|---|---|
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവന കൾ<br><br>8) ഗണിത മത്സരവേദിയി ലേക്ക്: മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ.<br>9) ഗണിത ലാബ്<br>10.രക്ഷിതാക്കളെ ബോധ ക്കരിക്കൽ. | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | ശനിയാഴ്ചകളില്വ ം, മറ്റ് അവധി ദിവസങ്ങളില്വം.<br><br>മാസത്തിൽ ഒന്ന് .<br><br>മെയ് / ജൂൺ.<br><br>എല്ലാ അധ്യാപകരും. | ഗണിത അധ്യാപകർ<br><br>ക്ലബ്ബ്<br><br>സെക്രട്ടറി, അധ്യാപകർ, പി.ടി.എ<br>ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ<br>അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | പി.ടി.എ |

**ഹൈസ്കൂൾ തലം** **ഐ.ടി**

==========================================================

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.<br><br>2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.<br><br>3) പഠനപ്രവർത്തനങ്ങളിലൂടെ | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറു കൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക്. പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തന ങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br><br>ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പ്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക | ICT പരിശീലനം നേടിയ അധ്യാപകർ<br><br>ICT പരിശീലനം നേടിയ അധ്യാപകർ | PTA<br><br>PTA |

| | | | | |
|---|---|---|---|---|
| പ്രായോഗിക പരിശീലനം സാധ്യമാക്കുക. | | വർഷം | | PTA |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു.<br>ഇത്തരം ദുരുപയോഗങ്ങളെ ക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോകാലഘട്ടത്തിലും ബോധവൽക്കരിക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു.<br>സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധ വൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ ക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ<br>ICT പരിശീലനം നേടിയ അധ്യാപകർ | PTA |
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയ റുകൾ കൂടുതൽ ഉപയോ ഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേ ടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാ ക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളി ലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ * ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | | |

| **മേഖല - ഹൈസ്കൂൾ - *ശാസ്ത്രം, ലാബ്*** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ശാസ്ത്രം: ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ദേശീയ അന്തർ ദേശീയ, തലത്തിലേക്ക് വളർത്തിയെടുക്കുന്നു. | മത്സര പരീക്ഷകൾ- ശാസ്ത്ര ക്വിസ്, ടാലന്റ് ഹണ്ട്, സംസ്ഥാനതല ശാസ്ത്ര മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br><br>സയൻസ് ലാബ് ആധുനീക വൽക്കരിക്കുന്നു. സോഷ്യൽ ലാബ് നവീകരിക്കൽ.<br><br>ലാംഗ്വേജ് ലാബ് നിർമ്മിക്കുന്നു. ഗണിത ലാബ് ക്രമീകരിക്കൽ. | 5 വർഷത്തിലൊരിക്കൽ<br><br>2 വർഷം | സയൻസ് അധ്യാപകർ<br><br>ഹെഡ്മിസ്ട്രസ് | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ അനുവദിക്കുന്ന മറ്റ് ഫണ്ടുകൾ |

| മേഖല - ഹൈസ്കൂൾ - ലൈബ്രറി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീകം |
| 1)സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റഫ റൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ട്പോകുന്നതിനുള്ള അവസരം നൽകുന്നു.<br>ക്ലാസ് ലൈബ്രറി ക്ലാസിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു. | അക്കാദമിക വർഷം മുഴവനും.<br>അക്കാദമിക വർഷം മുഴവനും. | ലൈബ്രേറിയൻ<br>ക്ലാസ് അധ്യാപക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത ീകം |
|---|---|---|---|---|
| 1) ക്ലാസ് മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുക ളുടെ അടിസ്ഥാനത്തിൽ | പ്രകൃതിയെ തൊട്ടറിഞ്ഞ് അനുഭവങ്ങൾ സ്വായത്തമാക്കു ന്നു. | ഒക്ടോബർ - നവംബർ | പ o നയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണ തല ത്തിലേക്ക് ഉയർത്തുന്നതിന്.<br><br>2) പ്രാദേശിക പരിസ്ഥിതി കളും വിഭവങ്ങളും ചരി ത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവം ബോധ്യമാക്കുന്ന തിനും പഠനഭാരം ലഘൂക രിച്ച് ഉല്ലാസമാക്കുന്നതിനും. | വ്യത്യസ്ത സാഹചര്യങ്ങൾ, കാലവസ്ഥ സംസ്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന്<br><br>ഏകദിന പഠന യാത്രകൾ, കണ്ടൽക്കാട്, തണ്ണീർ തടങ്ങൾ, കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങ ളിലേക്കുള്ള ഫീൽഡ് ട്രിപ്പ്. | ഒക്ടോബർ - നവംബർ<br><br>അക്കാദമിക വർഷം | പഠ നയാത്ര കമ്മിറ്റി<br><br>പഠ നയാത്ര കമ്മിറ്റി | രക്ഷിതാക്കൾ<br><br>രക്ഷിതാക്കൾ |

| **മേഖല - ഹൈസ്കൂൾ - പഠനോപകരണ നിർമ്മാണം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീകം** |
| 1.കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കു ന്നതിന് വേണ്ടി പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്ന തിന് വേണ്ടി. | ഒറിഗാമി<br><br>ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലുകൾ<br><br>ശാസ്ത്രത്തിൽ ലഘു പരീക്ഷണങ്ങൾ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | അധ്യാപകർ<br><br>അധ്യാപകർ | ക്ലബ്ബുകൾ<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | ഫയൽ നിർമ്മാണം, ബുക്ക് നിർമ്മാണം, റൈക്ലിംഗ് ബോർഡ് നിർമ്മാണം, വർക്കിംങ്ങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ. | | | |

| മേഖല - ഹൈസ്കൂൾ - സ്കൗൾ ഗൈഡ്സ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീകം** |
| 1.**എന്തിനും തയ്യാർ -**<br><br>എന്ന ഗൈഡ്സ് ആപ്തവാക്യം ജീവത ശൈലിയാക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ഗൈഡ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br><br>സ്കൂൾ അച്ചടക്ക സംവിധാനംഗൈഡ്സ് കുട്ടികളുടെ മേൽനോട്ടത്തിൽ നടത്തുന്നു. കുട്ടികളിൽ സേവന മനോഭാവവും ഉത്തരവാദിത്വ ബോധവും പകർന്ന് നൽകുന്നതിന് റോഡ് സുരക്ഷാമേഖ ലയിൽ ഉത്തരവാദിത്വപ്പെടുത്തുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകർ<br><br>ഗൈഡ്സ് അധ്യാപകർ | |

| മേഖല - ഹൈസ്കൂൾ - IEDC | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീകം** |

| | | | | |
|---|---|---|---|---|
| 1) പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണി ച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ ഹെഡ്മിസ്ട്രസ് | IEDC സ്കോളർഷിപ്പ് |
| 2) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.. | ക്ലാസിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ ഹെഡ്മിസ്ട്രസ് | |
| 3) പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | 10 ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ | |

| മേഖല - ഹൈസ്കൂൾ **കലാ-കായികം** **ഉപമേഖല-:** ചിത്രകല, കായികം, പ്രവൃത്തി പരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീകം** |
| 1) കുട്ടികളുടെ ഉള്ളിൽ | ചിത്രകലയെ കുറിച്ചുള്ള ഡമോൺസ്ട്രേഷൻ | | | |

| | | | | |
|---|---|---|---|---|
| അന്തർ ലീനമായി കിട ക്കുന്ന സവിശേഷ ശേഷി കളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ക്ലാസുകൾ, പെയിന്റിങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താൽപ്പര്യ മുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം.<br>കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം. | അക്കാദമിക വർഷം | കലാധ്യാപകർ | പി.ടി.എ |
| 2) സ്വയം തൊഴിൽ മേഖല യിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ചോക്ക്, കുട എന്നിവയുടെ നിർമ്മാണം | അവധിക്കാലം ഏപ്രിൽ – മെയ് | പ്രവൃത്തിപരിചയ കലാ അധ്യാപകർ | പൂർവ്വ വിദ്യാർത്ഥി കൾ |
| 3) ശാരീരിക മാനസിക ആരോഗ്യം പരിപോഷിപ്പി ക്കൽ | യോഗ പരിശീലനം (ആഴ്ചയിൽ ഒരിക്കൽ)<br>അസംബ്ലി ദിവ സങ്ങളിൽ മാസ്ഡ്രിൽ (ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് അടിസ്ഥാനത്തിൽ മാസ്ഡ്രിൽ പരിശീലനം) | അക്കാദമിക വർഷം | കായിക അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ | |
